കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട്
2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.3)1755/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ – 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.16/12/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :തോളൂർ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-25, 1-29 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം തോളൂർ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.3)1755/2019 തീയതി.16/12/19

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.18 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി. മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	21.10.19 മുതൽ 29.10.19 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.സാബു.പി.എസ്	ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
	ശ്രീമതി.ഹണി.കെ.എസ്	അസി. ഓഡിറ്റ് ഓഫീസർ
	ശ്രീമതി.ഷൈനി കൃഷ്ണദാസ്.ഇ	അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ. സ്റ്റാൻലി.പി.എസ്	അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ.ജയൻ.വി.എസ്.	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.രാധാ രവീന്ദ്രൻ	01.04.18 മുതൽ 31.03.19 വരെ
സെക്രട്ടറി	ശ്രീ.കെ.ഉണ്ണികൃഷ്ണൻ	01.04.18 മുതൽ 03.04.18 വരെ
	ശ്രീ.ഹരിനാരായണൻ.ഇ.എൻ	04.04.18 മുതൽ 25.04.18 വരെ
	ശ്രീമതി.ലിപ്സി ജോസ്.പി	26.04.18 മുതൽ 20.06.18 വരെ
	ശ്രീമതി. ലേഖ.വി	21.06.18 മുതൽ 13.03.19 വരെ
	ശ്രീ.ഹരിനാരായണൻ.ഇ.എൻ	14.03.19 മുതൽ 31.03.19 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	സുകുമാരൻ.കെ.എ.	01.04.18 മുതൽ 31.12.18 വരെ
	മായാദേവി.എം.ആർ (ഇൻ ചാർജ്ജ്)	01.01.19 മുതൽ 28.02.19 വരെ
	വിനീഷ് കുമാർ.കെ.വി	01.03.19 മുതൽ 31.03.19 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	നിമിഷ. വി. കൃഷ്ണൻ	01.04.18 മുതൽ 08.03.19 FNവരെ
	അജിഷ.ആർ	08.03.19 AN മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	ഡോ.മനോജ്.സി.വർഗ്ഗീസ്	01.04.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ. ഹേന ജോയ്	01.04.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ. ഷൈനി.കെ.എം	01.04.18 മുതൽ 31.03.19 വരെ
വെറ്ററിനറി സർജൻ	ഡോ. ടി.ജി. വിനോദ്കുമാർ	01.04.18 മുതൽ 15.06.18 വരെ

	ഡോ. ഫ്രാൻസിസ്	16.06.18 മുതൽ 31.03.19 വരെ
പ്രധാന അദ്ധ്യാപിക, ജി.യു.പി.എസ്	ഷീലാഭായ്.കെ.ഡി	01.04.18 മുതൽ 31.03.19 വരെ
വി.ഇ.ഒ., തോളൂർ സർക്കിൾ	പ്രസൂൺ പവിത്രൻ	01.04.18 മുതൽ 31.03.19 വരെ
വി.ഇ.ഒ., എടക്കളത്തൂർ സർക്കിൾ	ബാബു.സി.എ	01.04.18 മുതൽ 03.05.18 വരെ
	ജയശ്രീ.കെ.സി	04.05.18 മുതൽ 31.08.18 വരെ
	പ്രസൂൺ പവിത്രൻ (ഇൻ ചാർജ്ജ്)	01.09.18 മുതൽ 07.10.18 വരെ
	ലിജി .ഇ.പി	08.10.18 മുതൽ 31.03.19 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ഹരിനാരായണൻ.ഇ.എൻ	01.04.18 മുതൽ 31.03.19 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	സുഷമ.സി.വി	01.04.18 മുതൽ 31.03.19 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐശ്വര്യ.വി	01.04.18 മുതൽ 31.03.19 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷികകണക്കുകളിലെ അപാകതകൾ	1-11
12	ഡി & ഒ ലൈസൻസ് – ചട്ടങ്ങളിലെ ഭേദഗതികൾ നടപ്പിലാക്കിയില്ല	1-12
13	തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ	1-13
14	കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ	1-14
15	വസ്തുനികുതി - അപാകതകൾ	1-15
16	മേഞ്ചിറ തരിശ് ഭൂമി പാട്ടത്തിന് നൽകിയതിന്റെ വരവ് ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-16
17	ആദായനികുതി ഈടാക്കിയിട്ടില്ല	1-17
18	ഒറിജിനൽ ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ സൂക്ഷിക്കുന്നു	1-18
19	തെരുവുവിളക്ക് - പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല	1-19
20	സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല	1-20
21	അങ്കണവാടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല	1-21
22	എസ്.എസ്.എ. വിഹിതം- അധികം തുക ചെലവഴിച്ചു	1-22
23	വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതി- കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം	1-23
24	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി - ഹരിത സമൃദ്ധി - അപാകതകൾ	1-24
25	പുതിയതായി നിർമ്മിച്ച ശൗചാലയസമുച്ചയങ്ങൾ ജലലഭ്യത ഒരുക്കാത്തതുമൂലം പ്രവർത്തനരഹിതമായി കിടക്കുന്നു	1-25
26	ഒരു പദ്ധതിക്കായി വ്യത്യസ്ത പ്രൊജക്ടുകൾ നടപ്പാക്കി	1-26
27	വൃദ്ധർക്ക് കട്ടിൽ വിതരണം(S039/19) – അപാകതകൾ	1-27
28	കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ഇല്ല	1-28
29	റീടെൻഷൻ തുക രണ്ട് പ്രാവശ്യം പിൻവലിച്ചു	1-29
30	ജി.എസ്.ടി. കോമ്പൻസേഷൻ കരാറുകാർക്ക് നൽകിയത്- പ്രവൃത്തി പൂർത്തിയാക്കിയ തിയതിയും നികുതി	1-30

	അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല	
31	മണ്ണിന്റെയും പൊളിച്ചെടുത്ത കെട്ടിട നിർമ്മാണ അവശിഷ്ടങ്ങളുടേയും ഉപയോഗവിവരം/വിൽപന വിവരം ലഭ്യമല്ല	1-31
32	വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല	1-32
	ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
33	വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല	2-1
34	വസ്തുനികുതി കണക്കാക്കിയതിൽ കുറവ് - വ്യത്യാസം ഈടാക്കേണ്ടതാണ്	2-2
	ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
	ഇല്ല	
	ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
35	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
36	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
37	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
38	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
39	വായ്പ / വായ്പാതിരിച്ചടവ്	4-5
40	സ്ഥിര നിക്ഷേപം	4-6
41	ഓഡിറ്റ് റിക്കവറി	4-7
42	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
43	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
44	ഓഡിറ്റ് പ്രത്യവലോകനം	4-10
45	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
46	ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം-1
47	ഓഡിറ്റ് സംക്ഷിപ്തം	അനുബന്ധം-2

ഭാഗം -1
പൊതു അവലോകനം
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

ബജറ്റ് 20.03.2018 തീയതിയിലെ 1/20.03.2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.02.2019 തീയതിയിലെ 5(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2019	27.04.2019	-	-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹3758295
വരവ്	₹54303484
ആകെ	₹58061779
ചെലവ്	₹54187200
നീക്കിയിരിപ്പ്	₹3874579

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	10831000	10831000	10831000	0
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	6884000	6884000	6884000	0
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	20000	20000	0	20000
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	8149000	8149000	7677540	471460
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	2780000	2780000	2780000	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	5027000	5027000	5027000	0
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		0	0	0	0	0
സാക്ഷരത		0	0	0	0	0
ദുരിതാശ്വാസനിധി		14966	26027	40993	2020	38973
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	TSC	188294	1487137	1675431	1328294	347137
	ICDS	423680	348419	772099	400000	372099
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ	അങ്കണ വാടികളുടെ കുടിവെള്ള പദ്ധതി	0	10000	10000	0	10000
	കേരളോത്സവം	0	20000	20000	13900	6100
	വിമുക്തി	19060	25000	44060	43194	866
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	233500	889920	1123420	1073820	49600
	ജില്ലാ പഞ്ചായത്ത്	52800	1216956	1269756	1210378	59378
ബി ഫണ്ട്	തൊഴിൽരഹിത വേതനം	0	107640	107640	107640	0
	വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	0	180000	180000	180000	0
	ഉത്പാദന ബോണസ്	0	570000	570000	570000	0

തനത് ഫണ്ട് സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ മുൻവർഷത്തെ റിപ്പോർട്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. കൃത്യത ഉറപ്പാക്കാനാവാത്തതിനാൽ തൻവർഷ കണക്കുകൾ ചേർത്തിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
135	53636132	118	40959370	17	0	87.4

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ :</u> ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	2449	1149902	1152351	1146128	6223

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	20021554	20021554	20021554	0
	2449	21171456	21173905	21167682	6223

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	107640	70
കർഷകതൊഴിലാളി പെൻഷൻ	4949400	571
വിധവാപെൻഷൻ	7429200	898
വാർദ്ധക്യകാലപെൻഷൻ	9172200	1120
വികലാംഗപെൻഷൻ	2023600	237
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1013200	122
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	180000	6

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2590/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ

1. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ പലതിലും ട്രഷറി ബില്ലിന്റെ പകർപ്പ് സൂക്ഷിക്കുന്നില്ല.

2. ടെണ്ടർ അംഗീകരിച്ചതിന്റേയോ റീടെണ്ടർ നടത്തിയതിന്റേയോ പോലുള്ള സുപ്രധാന കമ്മിറ്റി തീരുമാനങ്ങൾ പോലും മരാമത്ത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

3. ഇ-ടെണ്ടർ നടത്തിയ പല പ്രവൃത്തികളുടേയും ഫയലിൽ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും ലഭിക്കുന്ന BOQ താരതമ്യ പത്രിക സൂക്ഷിച്ചിട്ടില്ല.

4. പല അളവ് പുസ്തകങ്ങളിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്താതിരിക്കുകയോ സാക്ഷ്യപ്പെടുത്താതിരിക്കുകയോ ചെയ്തു കാണുന്നു.

5. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിൽ വന്നിട്ടില്ല.

6. ബജറ്റും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറും തമ്മിൽ സംയോജിപ്പാക്കാത്തതിനാൽ ബജറ്റിൽ വകയിരുത്തുന്ന തുകക്കനുസരിച്ച് ചെലവുകളുടെ യാന്ത്രികമായ ക്ലിപ്തപ്പെടുത്തൽ നടക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	14.10.2019, 15.10.2019	06/2019, 07/2019, 08/2019	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.01.2011	2005-06 മുതൽ 2009-10 വരെ	02.01.2012

1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1301047	1409941	54001	882
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	1301047	1229978	70187	882
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ)	*(933/105X100)= 889 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

2.1.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	639371	643720	22431	10950
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	639371	638375	30046	10950
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ)	*(11498/105X100) = 10950 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	108894	130785	598
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	0	119774	0
		(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	

2.2.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	85288	55696	33010
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	33010	54240	33010
	(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	** (34663/105X100)=33010, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	67112	6718	73830	62490	6555	69045	3387	-	51	0	51
	നോൺ-റെസിഡൻഷ്യൽ	34672	4910	39582	32537	2790	35327	1345	-	548	1692	2240
	ആകെ	101784	11628	113412	95027	9345	104372	4732	-	599	1692	2291
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം				1653			105458	8013				2252
					(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്))				(431910101 - State govt . Cess/levies...... ലെഡ്ജർ 2018-19)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ തോളൂർ ഗ്രാമപഞ്ചായത്തിൽ 169 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ

പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 105458 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 104372 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.7 "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക	2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക
1	350410101-Advance collection of revenues - Property tax on Residential building	33982	70187
2	350410101-Advance collection of revenues - Property tax on Non-Residential building	9320	30046

2.8.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 83089 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും,വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൗച്ചർ	തീയ്യതി	തുക
1	41800382	31.3.19	56887

2.8.2 നോൺ-റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൗച്ചർ	തീയ്യതി	തുക
1	41800386	31.3.19	26202

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

ക്രമ നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ)	130100101-Rent from Building	151500	30.3.19	41800272

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2019ലെ ലെഡ്ജർ ബാക്കി
280100101-Prior period income -Property tax on residential buildings	(52007)
280100104-Prior period income-Property tax on non residential buildings	(28038)
280200102-Prior period income-profession tax	(840)
280200401-Prior period income-Other income	(11860)
280100105-Prior period income-service cess on residential building	(1622)
280100106-Prior period income-service cess on non-residential building	(270)
280200402-prior period income – Recovery of unutilized grants	850000

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 116284 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1666110 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിലെ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8.ഡിപ്രീസിയേഷൻ കണക്കാക്കുന്നതിനായി തയ്യാറാക്കിയ വർക്ക് ഷീറ്റിൽ 31.3.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ 31.3.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ ആയ ആസ്തിമൂല്യം മുഴുവൻ ഉൾക്കൊള്ളിച്ചിട്ടില്ല.

9. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10. Sale of agricultural farms (150100102), Sale of Tender forms (150110101), Sale of other forms (150110199), Sale of empties and waste materials (150120105) എന്ന ശീർഷകങ്ങളിലെ വരവുതുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-12 ഡി & ഒ ലൈസൻസ് - ചട്ടങ്ങളിലെ ഭേദഗതി നടപ്പിലാക്കിയില്ല

സ.ഉ(പ്രി) 80/2017 തസ്വഭവ തീ.31.10.2017 പ്രകാരം ഡി & ഒ ലൈസൻസ് എന്നത് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ എന്ന് നാമകരണം ചെയ്യുകയും ഫീസ് ഈടാക്കുന്നതിന് മൂലധന അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ തോളൂർ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ മൂലധനവിവരം രേഖപ്പെടുത്തുകയോ പരിശോധനാ കുറിപ്പിൽ അത്തരം വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233 എന്നീ വകുപ്പുകളിൽ വരുത്തിയ മേൽ ഉത്തരവിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും പരിശോധനാകുറിപ്പുകളിൽ ഇത് പ്രകാരമുള്ള വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുമാണ്.

1-13 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ.

1) സി.എച്ച്.സി, തോളൂർ എൻ.ആർ.എച്ച്.എം ജീവനക്കാരുടെ 2018-19 ആദ്യ അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയപ്പോൾ ശ്രുതി ശങ്കർ.ടി, മഞ്ജു വർക്കി എന്നീ ജീവനക്കാരിൽ നിന്നും 600/- രൂപ വീതമാണ് ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ഇവരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് 99,600/- രൂപ എന്നാണ്. ഇത് പ്രകാരം ഇരുവരിൽ നിന്നും 750/- രൂപ വീതം ഈടാക്കേണ്ടിയിരുന്നു. ഇവരുടെ സ്ഥാപനത്തിന്റെ തൊഴിൽ നികുതി പത്രിക ഹാജരാക്കി കാണുന്നില്ല.
2) ബി.എസ്.എൻ.എൽ, പറപ്പൂർ സ്ഥാപന തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.
3) ഷിൻസി പപ്പടം എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള ഡി&ഒ അപേക്ഷയിൽ 8 ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരുടെ തൊഴിൽ നികുതി പത്രിക സമർപ്പിച്ചതായി കാണുന്നില്ല.
4) ഗ്രാമപഞ്ചായത്തിലെ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.9/24.10.19 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1-14 കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ.

1) പെർമിറ്റ് നം. ബി1/5840/16 തീ.19.12.16 പ്രകാരം ഇൻഡസ് ടവേഴ്സ്, കൊച്ചി എന്ന സ്ഥാപനം മൊബൈൽ ടവർ നിർമ്മാണത്തിന് അനുമതി നേടിയിരുന്നു. എന്നാൽ ആയതിന്റെ പൂർത്തീകരണ വിവരങ്ങളോ അനുമതി പുതുക്കിയതിന്റെ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മൊബൈൽ ടവറുകളുടെ നിർമ്മാണ അനുമതിയുടെ കാലാവധി ഒരു വർഷം മാത്രമാണ്. അത് പ്രകാരം 18.12.17 ന് അനുമതിയുടെ കാലാവധി അവസാനിച്ചു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 വകുപ്പ് 130(6) പ്രകാരം പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ വാർത്താവിനിമയ ഗോപുരത്തിന്റെയോ, ഇവയുടെ ഉപയോഗത്തിന് അനിവാര്യമായ അനുബന്ധ മുറികളുടെയോ നിർമ്മാണമോ ഉറപ്പിക്കലോ പൂർത്തിയാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങളുടെ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അത് പോലെത്തന്നെ വകുപ്പ് 130(7) പ്രകാരം പെർമിറ്റിന്റെ സാധുതാ കാലാവധിയിൽ തന്നെ നീട്ടിക്കിട്ടുന്നതിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ഒരു വർഷത്തേക്ക് കൂടി കാലാവധി നീട്ടി കൊടുക്കാവുന്നതാണ്, എന്നാൽ ഇത്തരം ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.8/24.10.19 ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. 13.08.2018 തീയതിയിലാണ് പൂർത്തീകരണ അപേക്ഷ ലഭ്യമായത് എന്നും ഈ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന് ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്.
2) കെട്ടിട നിർമ്മാണ രജിസ്റ്ററിൽ നിർമ്മാണ പൂർത്തീകരണം നടത്തി നമ്പർ നൽകുന്നത് വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കുന്നില്ല. നിർമ്മാണ അനുമതിയുടെ കാലാവധി അവസാനിച്ചിട്ടും അനധികൃതമായി പ്രവൃത്തികൾ നടക്കുന്നവ കണ്ടെത്തുന്നതിനും നടപടിയെടുക്കുന്നതിനും എളുപ്പത്തിൽ സഹായകരമാവുന്ന രീതിയിൽ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. രജിസ്റ്റർ പ്രകാരം കാലാവധി അവസാനിച്ചവയുടെ പ്രാദേശിക പരിശോധന നടത്തി അനധികൃത നിർമ്മാണം നടത്തുന്നവയെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15 വസ്തുനികുതി - അപാകതകൾ.

1) ഷാജു.പി.വൈ, പൊറുത്തൂർ ഹൗസ്, എന്നയാളുടെ VII/557H നമ്പർ നൽകിയ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ വഴിസൗകര്യം ഒന്നര മീറ്ററിൽ കുറവ് എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചു. എന്നാൽ പ്ലാൻ പ്രകാരം വഴി 4 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.6/24.10.19-നുള്ള മറുപടിയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വ്യത്യാസം വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) വിവിധ വ്യാപാരങ്ങൾക്കായി നൽകിയിട്ടുള്ളതും ഡി & ഒ ലൈസൻസ് അനുവദിച്ചതുമായ കെട്ടിടങ്ങൾ വസ്തുനികുതി ഡി.സി.ബി റിപ്പോർട്ട് പ്രകാരം പാർപ്പിടം എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.
a) VII/194, എൻ.ടി.പോൾ, സ്റ്റേഷനറി ഫേൻസി
b) VII/318, സി.എം. ആന്റോ, മലഞ്ചരക്ക് വ്യാപാരം
c) VII/138, നീതി മെഡിക്കൽസ്
d) VII/510, സി.വി.സൈമൺ, റൈസ് മിൽ
e) VII/465, സെയ്താലവി, മുല്ലശ്ശേരി ഹൌസ്
ഇവയിൽ a,b,c എന്നിവ സോഫ്റ്റ്വെയറിൽ ചേർക്കുമ്പോൾ തെറ്റ് പറ്റിയതാണെന്നും d,e എന്നിവയുടെ ഗണം മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം.14/25.10.19 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും കുറവ് വന്ന തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. മറ്റുള്ള വ്യാപാര കെട്ടിടങ്ങളുടെയും ഡി.സി.ബി റിപ്പോർട്ട് പരിശോധിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന് കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് കാര്യക്ഷമമായ പരിശോധന നടത്തേണ്ടതുമാണ്.

1-16 മേഞ്ചിറ തരിശ് ഭൂമി പാട്ടത്തിന് നൽകിയതിന്റെ വരവ് ചെലവ് രേഖകൾ ഹാജരാക്കിയില്ല.

മേഞ്ചിറ കോൾപ്പടവിൽ തരിശായി കിടക്കുന്ന 20 ഏക്കർ ഭൂമിയിൽ 2018-19 വർഷത്തേക്ക് കൃഷിയിറക്കുന്നതിനുള്ള അനുമതിക്കായി പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് അപേക്ഷ സമർപ്പിക്കുകയും 11.10.2018 തീയതിയിൽ നടന്ന ഭരണസമിതിയുടെ അടിയന്തിര യോഗം തീരുമാനം നം.2/1 പ്രകാരം 2018-19 വർഷം കൃഷിയിറക്കുന്നതിന് ബാങ്കിന് അനുമതി നൽകുകയുമുണ്ടായി. 06.11.2018 തീയതിയിൽ പറപ്പൂർ സഹകരണ ബാങ്ക് സെക്രട്ടറിയും തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഏർപ്പെട്ട കരാർ വ്യവസ്ഥകളിലെ ക്രമ നം. 2 പ്രകാരം വരവ് ചെലവ് കണക്കുകൾ പൂർണ്ണമായും പഞ്ചായത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്നും ക്രമ നം. 3 പ്രകാരം കൃഷി ചെയ്യുന്നതിന് വരുന്ന മുഴുവൻ ചെലവുകളും കഴിച്ച് ബാക്കി വരുന്ന സംഖ്യ ലാഭമായി കണക്കാക്കി ആയതിന്റെ 30 ശതമാനം പഞ്ചായത്തിലേക്കും 70 ശതമാനം സഹകരണ ബാങ്കിലേക്കും അടവാക്കുന്നതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിൽ സമർപ്പിച്ചതായോ ഉത്തരവാദപ്പെട്ട ആരെങ്കിലും പരിശോധിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19/26.10.19 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാർഷിക കണക്കിൽ കാർഷിക ഫാമുകളുടെ വിൽപ്പനയിൽ നിന്നും 5,36,112/- ലഭ്യമായതായി കാണിച്ചിട്ടുണ്ട്. ഈ തുക മേഞ്ചിറ പടവ് കൃഷിയുടെ ലാഭവിഹിതമാണ് എന്നാണ് ഓഡിറ്റ് അന്വേഷണം നം.15/25.10.19 നുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഈ ലാഭവിഹിതം കണക്കാക്കിയത് എങ്ങനെയെന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ പാട്ടത്തിന് നൽകുമ്പോൾ കരാറിലേർപ്പെടേണ്ടതു പോലെ തന്നെ കരാറിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഉത്തരവാദപ്പെട്ടവരുടെ ചുമതലയാണ്. വ്യവസ്ഥകളുടെ ലംഘനം നടന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 ആദായനികുതി ഈടാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ S002/19— പദ്ധതി നിർവഹണം, മോണിറ്ററിംഗ് എന്ന പദ്ധതിയിൽ അച്ചടി ജോലികൾ ഏറ്റെടുത്തു നടത്തിയ CF Printers, പറപ്പൂർ എന്ന സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

ബിൽ നം.	തുക	പ്രിന്റേഴ്സിന് നൽകിയത്
39/18-19/18.12.18	14250	14250
28/18-19/31.10.18	4940	4940
25/18-19/17.10.18	51900	7800
52/18-19/22.2.19	21752	9840

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000 രൂപയിൽ കൂടുതൽ ഉള്ള ഓരോ കോൺട്രാക്ടിനും നികുതി ഈടാക്കേണ്ടതാണ്.

വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ആദായനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ഒറിജിനൽ ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ സൂക്ഷിക്കുന്നു.

പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ലഭിക്കുന്ന ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

പദ്ധതി	സ്ഥാപനങ്ങൾ/ കരാറുകാരൻ	രസീതിന്റെ വിവരം
S030/19 കൃഷിഭവൻ ഓഫീസ് വൈദ്യുതീകരണം	ലിയോ പി എൽ	നം.332343/18/12/18-- 7500രൂപ(TSB)
S146/19 --LED ബൾബുകൾ വാങ്ങൽ	Electromet Trading Company ആലുവ	4183രൂപ(SBI)
	ABC Marketing, ചാലക്കുടി	1156501/23.10.18–5000രൂപ (OBC,ചാലക്കുടി)
S104/19 -സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ്	ABC Marketing, ചാലക്കുടി	5553290/13.3.18—5000രൂപ (OBC,ചാലക്കുടി)
S012/19—തെരുവു വിളക്കുകൾ വാങ്ങൽ	ABC Marketing, ചാലക്കുടി	5553369/18.6.18—5000രൂപ (OBC,ചാലക്കുടി)
S022/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്	വിശ്വാസ് കമ്പ്യൂട്ടേഴ്സ് കുന്നംകുളം	053416/14.11.18–12375 (യൂകോ ബാങ്ക്,കുന്നംകുളം)

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 33(2), (3)

ഡെപ്പോസിറ്റ് രസീതികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രസീതികൾ ലഭിക്കുമ്പോഴും ആയത് തിരികെ നൽകുമ്പോഴും രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-19 തെരുവുവിളക്ക് --- പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല

2018-19 വർഷം തെരുവുവിളക്കുകളുടെ റിപ്പയർ,വാങ്ങൽ എന്നിവക്കായി സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെച്ചേർക്കുന്നു.

1. S149/19 -LED ബൾബുകൾ വാങ്ങൽ

ആകെ 88200രൂപ 2018-19ൽ ചെലവഴിച്ചു.

ബിൽ നം.--49/4.2.19--- 60000/-

വൗച്ചർ നം.-21800956/1.2.19-- 28200/-

കുടുംബശ്രീയുടെ Orion LED നിർമ്മാണയൂണിറ്റ്,മാള എന്ന സ്ഥാപനത്തിൽ നിന്ന് 12W 490എണ്ണം LED ബൾബ് വാങ്ങി.

സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് 2385/2018/തസ്വഭവ തീയതി.6/9/18 പ്രകാരം കുടുംബശ്രീയുടെ ബൾബുകളുടെ ഗുണനിലവാരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗമോ മറ്റ് സർക്കാർ വകുപ്പുകളോ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്ശേഷമേ വാങ്ങാവൂ.2017ലെ ഗുണനിലവാരപരിശോധനാറിപ്പോർട്ട് ആധാരമാക്കിയാണ് ബൾബുകൾ വാങ്ങിയത്.

2.S146/19 --LED ബൾബുകൾ വാങ്ങൽ

വൗച്ചർ നം.-21800910/22.1.19-- 99842

ABC Marketing,ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്ന് 545എണ്ണം15W LED വിളക്കുകളും അനുബന്ധഉപകരണങ്ങളും വാങ്ങി.

സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ കരാർ വ്യവസ്ഥകൾ ഒന്നും എഴുതാത്ത മുദ്രപ്പത്രങ്ങൾ ആണ് ഹാജരാക്കിയിട്ടുള്ളത്.

3.S104/19 -സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ്

2017-18 ൽ ആരംഭിച്ച പദ്ധതിക്കായി ആകെ97090 രൂപ 2018-19ൽ ചെലവഴിച്ചു.

ബിൽ നം.-- 5/18-19/24.5.18---56362/-

ബിൽ നം.--4/18-19/24.5.18---40728/-

ABC Marketing,ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്ന്11W CFL 200 എണ്ണവും അനുബന്ധഉപകരണങ്ങളും വാങ്ങി.

സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.S012/19—തെരുവുവിളക്കുകൾ വാങ്ങൽ

ബിൽ നം.--18/18-19/28.7.18---77299/-

ബിൽ നം.--32/18-19/5.11.18---22490/-

ABC Marketing,ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്ന് 15W LED 506 എണ്ണവും മറ്റ് അനുബന്ധഉപകരണങ്ങളും വാങ്ങി.

5.S102/19--തെരുവുവിളക്കുകൾ വാങ്ങൽ

ബിൽ നം.--28/17-18/18.1.18---69358 (2017-18)

ബിൽ നം.--10/18-19/16.6.18---83197/-

500CFL,600CFL 20W എന്നിവയും അനുബന്ധഉപകരണങ്ങളും വാങ്ങി.

6.S007/19 – തെരുവുവിളക്ക് പരിപാലനം

ദിവസവേതനത്തിന് കരാറുകാരനെ ഏൽപ്പിച്ചിരിക്കുന്നു.പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.ഇത് പ്രകാരം പരാതി രജിസ്റ്റർ നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരാതി പരിഹരിച്ച വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.കേടായ ഇനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം Stock in register ഉം Stock out register ഉം Reconcile ചെയ്യേണ്ടതുമാണ്.ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (സാധാ)2134/2015തസ്വഭവ തീയതി.15/07/2015 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.കരാറുകാരന് വിതരണം കാണിച്ചിട്ടുണ്ടെങ്കിലും എവിടെ സ്ഥാപിച്ചുവെന്ന് ചേർത്തിട്ടില്ല.

പുതിയ വിളക്കുകൾ സ്ഥാപിച്ചപ്പോൾ ഈ പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല.കേടുവന്ന ഉപകരണങ്ങൾ/ ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം ഇനം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം ഇനം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ,അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.ആയതനുസരിച്ചുമാത്രം വാങ്ങൽ റിപ്പയർ പ്രവൃത്തികൾ ചെയ്യിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.തെരുവുവിളക്ക് റിപ്പയർ എല്ലാ വർഷവും നടത്തുന്ന ആവർത്തനച്ചെലവായതിനാൽ പദ്ധതിപ്പണം പാഴാകാതെ ഉപകാരപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-20 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഓഫീസ് സ്റ്റേഷനറി,പദ്ധതി പ്രവർത്തനങ്ങൾക്കായി വാങ്ങുന്ന ഇനങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബിൽ നം,തുക,തീയതി എന്നിവ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല.വിതരണം ചെയ്യുന്നവ കൈപ്പറ്റുന്നവരുടെ പേര്,ഒപ്പ് എന്നിവ ഇല്ല.ഓരോ ഇനങ്ങൾക്കും പ്രത്യേക പേജ് നമ്പർ നൽകി ,വാങ്ങിയ ഇനങ്ങൾ അതിൽ ചേർത്ത് വിതരണവിവരം ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-21 അങ്കണവാടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല

തോളൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ തിയതി.22.3.2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിടഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാനടപടികൾ പാലിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.2018-19ൽ അംഗൻവാടികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടില്ല.2019-20ലാണ് ഫിറ്റ്നസ് ലഭിച്ചിട്ടുള്ളത്.2അംഗൻവാടികൾ(നം.48,50) സുരക്ഷിതമല്ലാത്ത നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരുന്നിട്ടും സർക്കുലർപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. മേൽ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 എസ്.എസ്.എ വിഹിതം- അധികം തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : പ്രധാന അദ്ധ്യാപിക

എസ് എസ് എ യ്ക്ക് വിഹിതം നൽകുന്നതിനായി തൻവർഷം മൂന്ന് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നമ്പർ - 9/19

ബിൽ നം. 1/18-19 തിയതി. 23.6.18 തുക 405095

2) പ്രോജക്റ്റ് നമ്പർ - 17/19

ബിൽ നം. 2/18-19 തിയതി. 3.8.18 തുക 144000

3) പ്രോജക്റ്റ് നമ്പർ - 156/19

ബിൽ നം. 5/18-19 തിയതി. 11.3.19 തുക 121950

എസ് എസ് എ യിൽ നിന്നും ഹാജരാക്കിയ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് തുക – 2799750) പ്രകാരം പഞ്ചായത്ത് വിഹിതം (40%)വകയിരുത്തിയിരിക്കുന്നത് 1119900 രൂപയാണ്. മേൽ പ്രകാരം മൂന്ന് പദ്ധതികളിലുമായി 671045രൂപയാണ് എസ് എസ് എ യ്ക്ക് കൈമാറിയിരിക്കുന്നത്. എന്നാൽ എസ്.സ്.എ യിൽ നിന്നും ഹാജരാക്കിയ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ് 1506285 രൂപയാണ്. ഇത് പ്രകാരം പഞ്ചായത്ത് അനുവദിക്കേണ്ടുന്ന വിഹിതം 602514 രൂപയാണ് (ചെലവ് തുകയുടെ 40%). പഞ്ചായത്ത് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഇത് 40 % നേക്കാൾ അധികമാണ്.അധികം നൽകിയ 68531/- രൂപ വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-23 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതി- കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം

പദ്ധതി നം - 21/19

ബിൽ നം - 3/18-19 തിയതി 27.10.18 തുക 178000

5/18-19 തിയതി 23.11.18 തുക 180000

കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പദ്ധതി പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 716ബാഗ് (35800 Kg) കാലിത്തീറ്റ വാങ്ങി പരപ്പൂർ ക്ഷീരവ്യവസായ സഹകരണ സംഘം മുഖേന 179 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കേരള ഫീ ഡ്സ് ലിമിറ്റഡിന്റെ 18.9.18 ലെ KFL/430/ 99(III) /18 എന്ന കത്ത് പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കും എന്നും പദ്ധതി പൂർത്തീകരിച്ച് വില മുഴുവൻ സ്ഥാപനത്തിൽ ലഭിച്ചാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നതായിരിക്കും എന്നും പറയുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25.10.19) കേരള ഫീഡ്സിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി 19.7.19 ലെ 69/19 ആയി സ്ഥാപനത്തിന് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി - ഹരിത സമൃദ്ധി - അപാകതകൾ

പ്രോജക്റ്റ് നം - 35/19

ബിൽ നം - TKB- 4/18-19 തിയതി 21..3.19 തുക 65000

TKB- 1/18-19 തിയതി 29.11.18 തുക 1090100

പദ്ധതി പ്രകാരം തെങ്ങിന് രാസവളം, തെങ്ങിൻ തൈ വിതരണം, പച്ചക്കറി കൃഷി, അടുക്കളത്തോട്ടം (വിത്ത്, ജൈവവളം) നെൽവിത്ത് വിതരണം എന്നിവയാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പച്ചക്കറി വിത്ത് വിതരണം അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ മണ്ണുത്തിയിൽ നിന്നു വാങ്ങിയും , ഇതിന്റെ ഭാഗമായി വളം വിതരണം കർഷകർക്ക് പെർമിറ്റ് അനുവദിച്ച് പറപ്പൂർ സർവീസ് സഹകരണ ബാങ്ക് വഴിയുമാണ് വിതരണം നടത്തിയിരിക്കുന്നത് . 200 പേർക്കാണ് വിത്ത് ,വളം വിതരണം നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നല്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ആനുകൂല്യം നൽകിയവരെ അടുത്ത ഗ്രാമസഭയിൽവെച്ച് സാധൂകരണം ലഭ്യമാക്കിയതായും കാണുന്നില്ല.

2. കെ.എസ്.എസ്.ഡി.എ, എൻ.എസ്.സി, കേരള അഗ്രി. യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും താഴെപ്പറയും പ്രകാരം നെൽവിത്ത് വാങ്ങി പാടശേഖരസമിതികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പാടശേഖര സമിതികളിൽ നിന്നും കർഷകർക്ക് നെൽവിത്ത് വിതരണം നടത്തിയതിന്റെ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

സ്ഥാപനം	ഇൻവോയ്സ് നം / തിയതി	നെൽവിത്ത് അളവ് (kg)	പാടശേഖര സമിതികൾ
കെ എസ് എസ് ഡി എ	1) 1245/19.9.18 2)1254/1.10.18	ഉമ - 10020 480 – ഉമ	1. തരിശു കരിമ്പൻ-1500 2.കാളിപ്പാടം-2100 3.പോന്നൂർ താഴം-4410 4.വടക്കേപോന്നൂർ താഴം-2010 5.ചെല്ലിപ്പാടം-480
അഗ്രി റിസർച്ച് സ്റ്റേഷൻ മണ്ണുത്തി	302/20.10.18	12000 ഉമ	സംഘം കോൾ നോർത്ത് പടവ്-12000 kg
NSC (പൊണ്ണമുത്തു കോൾ പടവ കോ . ഓ. സൊസൈറ്റി)	1.175/8.11.18 2. 177/8.11.18 3. 176/8.11.18 4.174/8.11.18	ഉമ 2000 350 2500 2400	1.എടക്കളത്തൂർ പടിഞ്ഞാറെ പാടം-2000 2. ചെല്ലിപ്പാടം- 350 3. പോന്നൂർ താഴം-2500

			4. ചാലക്കൽ പാടശേഖരം - 2400
കേരള അഗ്രി. യൂണിവേഴ്സിറ്റി	1.STU/RF/35/2018-19/ 6.9.18 2.STU/RF/47/2018-19/ 17.11.18 3.STU/RF/51/2018-19/ 27.11.18	1.ഉമ- 33400 ജ്യോതി- 2000 2.ഉമ- 810 ജ്യോതി- 60 3.ഉമ- 240	1. സംഘം കോൾ സൗത്ത് - 25000 മേഞ്ചിറ പാടം -6900 വളക്കുളം-1500 ചെല്ലിപ്പാടം -2000 2. സംഘം കോൾ സൗത്ത് 3.സംഘം കോൾ സൗത്ത്

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 795100 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-25 പുതിയതായി നിർമ്മിച്ച ശൗചാലയസമുച്ചയങ്ങൾ ജലലഭ്യത ഒരുക്കാത്തതുമൂലം പ്രവർത്തനരഹിതമായി കിടക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
തൻവർഷം 8 ലക്ഷത്തോളം രൂപ ചെലവഴിച്ച് പോന്നോർ കളിസ്ഥലം,മുള്ളൂർ കളിസ്ഥലം എന്നിവക്ക് സമീപം രണ്ട് ശൗചാലയ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പോന്നോർ സമുച്ചയത്തിൽ 6 ശൗചാലയങ്ങളും മുള്ളൂർ സമുച്ചയത്തിൽ 2 ശൗചാലയങ്ങളുമാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ശൗചാലയത്തിലേക്ക് വേണ്ട ജലലഭ്യത ഒരുക്കിയിട്ടില്ല. ആയതിനാൽ ഈ സമുച്ചയങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാവാത്ത രീതിയിൽ താഴിട്ട് പൂട്ടിയിട്ടിരിക്കുകയാണ്.

ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം/ പേര്	154/18,116/19; പോന്നോർ ശൗചാലയ സമുച്ചയം	93/19; മുള്ളൂർ ഗ്രൗണ്ട് ടോയ്‌ലെറ്റ് സമുച്ചയം
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹60000 സംസ്ഥാനാവിഷ്കൃത പരിപാടി ₹540000 ആകെ ₹600000	ശുചിത്വമിഷൻ ഫണ്ട് ₹180000 ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹20000 ആകെ ₹200000
സാങ്കേതികാനുമതി നം.	99954/2017-18/30.01.18/ ₹600000	63812/2018-19/ 04.07.18/₹200000
കരാറുകാരൻ	എ.ആർ.മുരളീധരൻ	എ.ആർ.മുരളീധരൻ
കരാർ നം./ തിയതി	44/AE/LSGD/TLR/16.03.18	19/AE/LSGD/TLR/18-19/29.08.18
അളവ് പുസ്തകം	87/18-19, 222/19	59/18-19
ചെലവഴിച്ച തുക	ട്രഷറി ബിൽ നം.49/23.03.2019;60000 ചെക്ക് നം.3063811/20.03.2019; 291169 ചെക്ക് നം.3063833/ 09.10.2019; 248831 (ഫൈനൽ ബിൽ 2019-20)	ട്രഷറി ബിൽ നം.27/08.03.2019; 20000 ചെക്ക് നം.3063802/ 07.02.2019; 179977

ജലലഭ്യത ഒരുക്കാതെ ശൗചാലയങ്ങൾ നിർമ്മിച്ചത് മൂലം 8 ലക്ഷത്തോളം രൂപ പാഴ് ചെലവായി തീർന്നിരിക്കുന്നു. നിർമ്മിച്ചിരിക്കുന്ന കെട്ടിടവും സൗകര്യങ്ങളും നശിച്ചുപോകാതെ സംരക്ഷിക്കുന്നതിനും ജലലഭ്യതക്കുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനും വേണ്ട സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഒരു പദ്ധതിക്കായി വ്യത്യസ്ത പ്രൊജക്ടുകൾ നടപ്പാക്കി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ,യിലെ ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിടനിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ടായിവേണം നടപ്പാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്നതായ പ്രൊജക്ടുകളെ ബഹുവർഷപ്രൊജക്ടുകളായി നിർവഹിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയുടെ ഖണ്ഡിക 3.5.2ൽ പറയുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരു പദ്ധതി തന്നെ ഒരേ സമയം വിവിധ പ്രൊജക്ടുകളായി വിഭജിച്ച് നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	പ്രൊജക്ട് നം./ പേര്	ചെലവഴിച്ച തുക
1.	മനപ്പാട്ട് പറമ്പ് ഗ്രാമസേവാ കേന്ദ്രം	135/19, മനപ്പാട്ടുപറമ്പ് അഗ്രോ സർവ്വീസ് സെന്ററിന് മുകളിൽ ഗ്രാമസേവാകേന്ദ്രം ഒരുക്കൽ	ട്രഷറി ബിൽ നം.18/ 14.12.18; ₹399725
		152/19, മനപ്പാട്ടുപറമ്പ് ഗ്രാമസേവാകേന്ദ്രം പൂർത്തീകരണം	ട്രഷറി ബിൽ നം.55/ 22.03.19; ₹217087
2.	എടക്കളത്തൂർ സബ് സെന്റർ പുനരുദ്ധാരണം	117/18,112/19; എടക്കളത്തൂർ സബ് സെന്റർ പുനരുദ്ധാരണം	ട്രഷറി ബിൽ നം.10/ 13.08.18; ₹611313
		69/19, എടക്കളത്തൂർ സബ് സെന്റർ ഇംപ്രൂവ്മെന്റ്സ്	1)ട്രഷറി ബിൽ നം.22/ 01.01.19; ₹432624 2)ട്രഷറി ബിൽ നം.26/ 01.03.19; ₹139804

പ്രൊജക്ടുകൾ വിഭജിക്കാതെ ഒരു പദ്ധതിക്കാവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ടായി നടപ്പാക്കേണ്ടതും സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതനുസരിച്ച് ബഹുവർഷപ്രൊജക്ടുകളായി നടപ്പാക്കേണ്ടതുമാണ്.

1-27 വൃദ്ധർക്ക് കട്ടിൽ വിതരണം(S039/19) --അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ -- അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം.-- 6/13.12.18–174000

ബിൽ നം.-- 10/23.2.19–121800

Artco എന്ന സ്ഥാപനത്തിൽ നിന്ന് 68 കട്ടിലുകൾ വാങ്ങി.ഗുണഭോക്താക്കൾ വയസ്സ് തെളിയിക്കുന്ന രേഖയായി ലഭ്യമാക്കിയിട്ടുള്ളത് ആധാർകാർഡ് ആണ്.

അപാകതകൾ

1.തങ്കപ്പൻ മുല്ലത്തടത്തിൽ എന്ന ഗുണഭോക്താവിന്റെ ജനനത്തീയതി ആധാർ കാർഡ് പ്രകാരം 1961 ആണ്.ഇവർക്ക് 2018 ൽ 60 വയസ്സ് തികഞ്ഞിട്ടില്ല.

2.കുമാരൻ പുത്തൂർ എന്ന ഗുണഭോക്താവ് വയസ്സ് തെളിയിക്കുന്ന രേഖകൾ

ഹാജരാക്കിയിട്ടില്ല.

3.ലഭ്യമാക്കിയ കട്ടിലുകൾ പഞ്ചായത്ത് സ്പെസിഫിക്കേഷൻ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.വിതരണരജിസ്റ്റർ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം സഹായത്തിന് അർഹരാണെന്ന് രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിനായി വാങ്ങുന്ന ഇനങ്ങൾ സർക്കാർ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉള്ളവയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 13/25.10.19)

1-28 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ഇല്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ മറ്റ് ഏജൻസികൾക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗവിവരം, മറ്റ് വിശദാംശങ്ങൾ എന്നിവ ഇല്ല.

പ്രൊജക്റ്റ് നം	ബിൽ നം. തുക	കൈപ്പറ്റിയ ഏജൻസി	ഹാജരാക്കാത്ത രേഖകൾ
S25/19 – വിജ്ഞാൻസാഗർ വിഹിതം	06/24.5.18—100000	ജില്ലാപഞ്ചായത്ത്, തൃശ്ശൂർ	കൈപ്പറ്റ് രസീത്, വിനിയോഗവിവരം
S003/19—ആശ്രയ പദ്ധതി തുക കൈമാറൽ	23/26.9.18—150000	കുടുംബശ്രീ	കൈപ്പറ്റ് രസീത്, വിനിയോഗവിവരം
S11/19— വയോജനക്ഷേമകേന്ദ്ര പ്രവർത്തനം	07/24.5.18—50000	സുശാന്തം--Society for care and Compassion	കൈപ്പറ്റ് രസീത്, വിനിയോഗവിവരം
S001/19 – IKM ന് അടക്കേണ്ട വിഹിതം	3/24.5.18—56905	Ex.Director, IKM	കൈപ്പറ്റ് രസീത്, വിനിയോഗവിവരം
S142/19 –മിനിസ്റ്റേഡിയം വൈദ്യുതീകരണം സെക്കന്റ് ഫേസ്	20/30.08.18 -- 17958	KSEB, പറപ്പൂർ	കൈപ്പറ്റ് രസീത്, വിനിയോഗവിവരം, ഫൈനൽ ബിൽ, പൂർത്തീകരണവിവരം
S103/19—മിനിസ്റ്റേഡിയം വൈദ്യുതീകരണം	08/30.5.18—85410	KSEB,പറപ്പൂർ	കൈപ്പറ്റ് രസീത്, പുതുക്കിയ എസ്റ്റിമേറ്റ്, പൂർത്തീകരണവിവരം

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 05/24/10/19).

1-29 റീടെൻഷൻ തുക രണ്ട് പ്രാവശ്യം പിൻവലിച്ചു

പാർട്ട് ബിൽ നൽകപ്പെട്ട ചില മരാമത്ത് പ്രവൃത്തികളിൽ അന്തിമബിൽ നൽകുമ്പോൾ റീടെൻഷൻ തുക വീണ്ടും പിൻവലിച്ചത് മൂലം അധിക തുക പിൻവലിക്കാൻ ഇടവന്നിട്ടുണ്ട്. പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത റീടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. ഈ തുകയാണ് അന്തിമബിൽ നൽകിയതിന് ശേഷം കരാറുകാരന് തിരികെ നൽകേണ്ടത്. എന്നാൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും റീടെൻഷൻ തുക നൽകുന്നതിന് പകരം വീണ്ടും തുക പിൻവലിച്ച് നൽകി. തന്മൂലം റീടെൻഷൻ തുക രണ്ട് തവണ പിൻവലിക്കുന്നതിനും സെക്രട്ടറിയുടെ അക്കൗണ്ടിൽ ആദ്യം പിൻവലിച്ച തുക ചെലവഴിക്കാതെ കിടക്കുന്നതിനും ഇടയായി. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നം.52/18; മുള്ളൂർ കളിസ്ഥലം പുനരുദ്ധാരണം

ഫണ്ട് : ധനകാര്യകമ്മീഷൻ അവാർഡ്

ഈ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 442928 രൂപയായിരുന്നു. ട്രഷറി ബിൽ 16/14.12.18 പ്രകാരം 442928 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ നിന്നും 11073 രൂപ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടുണ്ട്.

മേൽ പ്രവൃത്തിയുടെ അന്തിമബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 828260 രൂപയായിരുന്നു. ഇതനുസരിച്ച് പിൻവലിക്കാവുന്ന തുക 385332, രൂപ(828260-442928)യായിരുന്നു. എന്നാൽ റീടെൻഷൻ തുകയായ 11073 രൂപയടക്കം 396405 രൂപ പിൻവലിച്ചിട്ടുണ്ട്(2019-20 വർഷത്തിൽ). ഈ സാഹചര്യത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന 11073 രൂപ സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

2. പ്രൊജക്ട് നം.116/19; പോന്നോർ ശൗചാലയ സമുച്ചയം

ഫണ്ട് : ധനകാര്യകമ്മീഷൻഅവാർഡ്(₹60000), സംസ്ഥാനാവിഷ്കൃതപദ്ധതി (₹540000)

ഈ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 351169 രൂപയായിരുന്നു. ട്രഷറി ബിൽ 49/23.03.2019 പ്രകാരം 60000 രൂപയും ചെക്ക് നം. 3063811/20.03.19 പ്രകാരം 291169 രൂപയും പിൻവലിച്ചിട്ടുണ്ട്. ആയതിൽ നിന്നും 8779 രൂപ റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടുണ്ട്.

മേൽ പ്രവൃത്തിയുടെ അന്തിമബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 595305രൂപയായിരുന്നു. ഇതനുസരിച്ച് പിൻവലിക്കാവുന്ന തുക 244136 രൂപ (595305-351169)യായിരുന്നു. എന്നാൽ 2019-20 വർഷത്തിൽ ചെക്ക് നമ്പർ 3063833/09.10.19 പ്രകാരം 248831 രൂപ പിൻവലിച്ചിട്ടുണ്ട്. ഇപ്രകാരം 4695 രൂപ (248831-244136)അധികം പിൻവലിച്ചിട്ടുണ്ട്. പ്രൊജക്ടിൽ വകയിരുത്തിയ ഫണ്ട് (₹600000)തീർന്നതിനാൽ മുഴുവൻ റീടെൻഷൻ തുകയും പിൻവലിക്കാൻ കഴിയാതിരുന്നതിനാലാണ് അധികം പിൻവലിച്ച തുക 4695 രൂപ ആയത്. ഈ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ കിടക്കുന്ന റീടെൻഷൻ തുകയിൽ നിന്നും സഞ്ചിതനിധിയിലേക്ക് തിരികെഅടവാക്കേണ്ടതാണ്.

റീടെൻഷൻ ഈടാക്കുന്നതിലും പിന്നീട് തിരികെ നൽകുന്നതിലും അപാകതകൾ സംഭവിച്ചതായി മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പാർട്ട് ബിൽ നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ബില്ലുകൾ പരിശോധിച്ച് അധികം തുക പിൻവലിക്കാൻ ഇടവന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സെക്രട്ടറിയുടെ അക്കൗണ്ടിൽ ഈയിനത്തിൽ അധികമായി നിക്ഷേപിക്കപ്പെട്ട തുക കണ്ടെത്തി അതാത് ഫണ്ടുകളിൽ തിരികെ അടവാക്കേണ്ടതുമാണ്.

1-30 ജി.എസ്.ടി. കോമ്പൻസേഷൻ കരാറുകാർക്ക് നൽകിയത്-പ്രവൃത്തി പൂർത്തിയാക്കിയ തിയതിയും നികുതി അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം: 125/19; പൊതുമരാമത്ത് പ്രവൃത്തികളുടെ ചരക്ക് സേവന നികുതി

ട്രഷറി ബിൽ നം.11/26.11.18; ₹243689

സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ തിയതി 1.11.2017 പ്രകാരം 30.6.2017 ന് മുമ്പ് പൂർത്തിയാക്കി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ മരാമത്ത്പ്രവൃത്തികൾക്ക് ജി.എസ്.ടി. ബാധകമല്ല. ആയതിന് മൂല്യവർദ്ധിതനികുതി മാത്രമാണ് ബാധകം. എന്നാൽ 1.7. 2017 ന് ശേഷം നടപ്പാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി. ബാധകമായിരിക്കുന്നതാണ്. ഉത്തരവിൽ പറയുന്ന പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ പ്രവൃത്തികൾക്ക് അനുവദിക്കാമെന്നും വ്യവസ്ഥയുണ്ട്.

2017-18 ൽ പൂർത്തിയായ മരാമത്ത് പ്രവൃത്തികൾക്ക് നൽകാവുന്ന ജി.എസ്.ടി. കോമ്പൻസേഷൻ 3% നിരക്കിൽ മേൽ പ്രൊജക്ട് അനുസരിച്ച് കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഓരോ കരാറുകാരനും തൻവർഷം നടത്തിയ പ്രവൃത്തികളുടെ പട്ടികയും അവക്ക് നൽകാവുന്ന കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം എന്നാണ് പൂർത്തിയായത് എന്ന് പരിശോധിച്ചതായി കാണുന്നില്ല. മാത്രമല്ല ജി.എസ്.ടി.കോമ്പൻസേഷൻ കണക്കാക്കിയ പ്രവൃത്തികളുടേയെല്ലാം ജി.എസ്.ടി. ചരക്ക് സേവന നികുതി വകുപ്പിൽ അടച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഒരു തുക അടച്ചതിന്റെ ചലാൻ/റിട്ടേൺ ആണ് ഹാജരാക്കിയത്. എല്ലാ പ്രവൃത്തികളുടേയും ജി.എസ്.ടി അടച്ചു എന്ന് ഉറപ്പാക്കിയിട്ടില്ല. കരാറുകാർക്ക് 2017-18 ൽ വിവിധ പ്രവൃത്തിയിനത്തിൽ നൽകിയ തുകയും ഈ പ്രൊജക്ട് പ്രകാരം നൽകിയ ജി.എസ്.ടി.കോമ്പൻസേഷനും ചുവടെ ചേർക്കുന്നു.

കരാറുകാരൻ	2017-18 ൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് നൽകിയ തുക ₹	നൽകിയ ജി.എസ്.ടി. കോമ്പൻസേഷൻ ₹
ഇ.സി.ബൈജു	2341838	70255
ലൈജു.ഇ.സി.	2873017	86191
സിജോ ജോൺ.സി.	505707	15171
മുരളീധരൻ എ.ആർ	2402415	72072
ആകെ		243689

മേൽ പറഞ്ഞ കരാറുകാർ പട്ടികയിൽ പറഞ്ഞിരിക്കുന്ന 2017-18 ൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് നൽകിയ തുകയുടെ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ തിയതി എന്നിവ ലഭ്യമാക്കേണ്ടതാണ്. അതു വരെ 243689 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.23/29.10.2019)

1-31 മണ്ണിന്റെയും പൊളിച്ചെടുത്ത കെട്ടിട നിർമ്മാണ അവശിഷ്ടങ്ങളുടേയും ഉപയോഗവിവരം/വിൽപന വിവരം ലഭ്യമല്ല

കാന നിർമ്മാണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ്, നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ പൊളിച്ചുമാറ്റപ്പെടുന്ന പഴയകെട്ടിടത്തിന്റേയും മറ്റും അവശിഷ്ടങ്ങൾ എന്നിവ ലേലം ചെയ്യുന്നതിനായി ഭരണസമിതി വിവിധ തിയതികളിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ലേലം നടത്തിയതിന്റേയോ മറ്റ് രീതിയിൽ ഉപയോഗപ്പെടുത്തിയതിന്റെയോ വിവരം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം./ പേര്	മണ്ണ്/ മറ്റ് അവശിഷ്ടങ്ങൾ	അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലുവേഷൻ തുക ₹	ഭരണസമിതി തീരുമാനം
1.	69/19, എടക്കളത്തൂർ സബ് സെന്റർ പുനരുദ്ധാരണം	കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ	6740	8(1)/10.8.18, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലുവേഷൻ പ്രകാരം ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി
2.	96/19, എൽ.എഫ്. സ്കൂൾ റോഡ് കാന നിർമ്മാണം	മണ്ണ്, 201.54 ഘന മീറ്റർ	5969	1(8)/8.11.18, ലേലം ചെയ്യാൻ തീരുമാനിച്ചു
3.	95/19, സൊസൈറ്റി ചോറോത റോഡ് കാന നിർമ്മാണം	മണ്ണ്, 123ഘന മീറ്റർ	-----	ലേലം ചെയ്യാൻ സെക്രട്ടറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് തയ്യാറാക്കിയത് ഫയലിലുണ്ട്.
4.	86/19, ഐനിക്കാട് കോളനി കുടിവെള്ളപദ്ധതി നവീകരണം	ഉപയോഗ ശൂന്യമായ വസ്തുക്കൾ	6558	തീരുമാനം ലഭിച്ചില്ല

മേൽ പട്ടികയിൽ പറഞ്ഞ 324.54 ഘന മീറ്റർ മണ്ണും (201.54+123) മറ്റ് കെട്ടിട നിർമ്മാണ അവശിഷ്ടങ്ങളും ലേലം ചെയ്തതിന്റെ/ഉപയോഗപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമായില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-32 വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ റോഡുകൾക്കായി തൻവർഷം പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇവ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ഭൂമിയാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വില്ലേജ്	വിശദാംശങ്ങൾ	ഭരണസമിതി തീരുമാനം
എടക്കളത്തൂർ	വി.ഐ.പി. റോഡ് വികസനത്തിനായി വിട്ടുകിട്ടിയത്	6(1)/11.6.18
തോളൂർ	സൗഹൃദ റോഡിനായി വിട്ടുകിട്ടിയത്	6(2)/11.6.18
------	മേഞ്ചിറ പാടം റോഡ് നിർമ്മിക്കുന്നതിനായി വിട്ടുകിട്ടിയത്	11(1)/11.6.18
------	ചാക്കാടത്ത് റോഡ് വികസനത്തിനായി വിട്ടുകിട്ടിയത്	1(11)/10.01.19

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല.

സി.എച്ച്.സി, തോളൂർ എൻ.ആർ.എച്ച്.എം ജീവനക്കാരുടെ 2018-19 ആദ്യ അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയപ്പോൾ ശ്രുതി ശങ്കർ.ടി, മഞ്ജു വർക്കി എന്നീ ജീവനക്കാരിൽ നിന്നും 600/- രൂപ വീതമാണ് ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ഇവരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് 99,600/- രൂപ എന്നാണ്. ഇത് പ്രകാരം ഇരുവരിൽ നിന്നും 750/- രൂപ വീതം ഈടാക്കേണ്ടിയിരുന്നു. കുറവ് വന്ന 300/- രൂപ ഇരുവരിൽ നിന്നുമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 വസ്തുനികുതി കണക്കാക്കിയതിൽ കുറവ് - വ്യത്യാസം ഈടാക്കേണ്ടതാണ്

ഷാജു.പി.വൈ, പൊറുത്തൂർ ഹൗസ്, എന്നയാളുടെ VII/557H നമ്പർ നൽകിയ 144.8 ചതുരശ്രമീറ്റർ വാണിജ്യകെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവ് എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചു. എന്നാൽ പ്ലാൻ പ്രകാരം വഴി 4 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ്

അന്വേഷണം നം.6/24.10.19നുള്ള മറുപടിയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 144.8 ച.മീ കെട്ടിടത്തിന് 50 രൂപ നിരക്കിൽ 7,240/- രൂപ അടിസ്ഥാന നികുതിയിന്മേൽ തെറ്റായി ഇളവ് നൽകിയ 10% തുകയായ 724/- രൂപയും 2% സേവനനികുതി, 5% ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പടെ 775/- രൂപ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2018-19	19.08.2019	കെ.എസ്.എ.ടി.എസ്.ആർ.(എസ്1)1120/2019(71)/ 31.08.2019

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2018-19	150000	പാലിന് സബ്സിഡി	150000	0
		380000	ലൈഫ് മിഷൻ	380000	0
		100000	സ്കോളർഷിപ്പ്	100000	0
		259920	ലൈഫ് മിഷൻ	259920	0
		233500	സ്കോളർഷിപ്പ്	183900	49600
ജില്ലാ പഞ്ചായത്ത്	2017-18	52800	സ്കോളർഷിപ്പ്	52800	0
	2018-19	50000	പാലിന് സബ്സിഡി	50000	0
	2018-19	200000	സാന്ത്വന പരിചരണം	200000	0
	2018-19	200000	സ്കോളർഷിപ്പ്	200000	0
	2018-19	500000	ശവക്കോട്ട റോഡ് വർക്ക്	440622	59378
	2018-19	266956	ലൈഫ് മിഷൻ	266956	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
സംസ്ഥാന വൈദ്യുതി ബോർഡ്	ജനസൗഹൃദ റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ	21800715/ 08.11.2018	149693	–	149693
	മിനി സ്റ്റേഡിയം വൈദ്യുതീകരണം	21800560/ 21.05.2018	85410	85410	0
	മിനി സ്റ്റേഡിയം വൈദ്യുതീകരണം- രണ്ടാം ഘട്ടം	21800583/ 07.08.2018	17958		17958
ഭൂജല വകുപ്പ്	ചാലക്കൽ മഠം പരിസരം ബോർവെൽ നിർമ്മാണം	21800818/15.12.2018	525000		525000

	ഗാന്ധിനഗർ കുടിവെള്ളപദ്ധതി	21800563/ 31.03.2019	500000		500000
	ചെറുവത്തൂർ പടിഞ്ഞാറ്റു മുറി കുടിവെള്ളപദ്ധതി	21500564/ 31.03.2019	465000		465000
	ചീനക്കുളം കുടിവെള്ളപദ്ധതി	21800817/ 5.12.2018	138928		138928
	എടക്കളത്തൂർ കുടിവെള്ളപദ്ധതി	21801155/ 21.02.2019	600000		600000
	ഗാന്ധിനഗർ കുടിവെള്ളപദ്ധതി	21801195/ 22.03.2019	440000		440000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 824750 രൂപ വരവുണ്ട്. തൻവർഷം ഈ തുകയിൽ നിന്നും ചെലവൊന്നും നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് മിഷൻ പദ്ധതി (KURDFC)		824750	0	0	0	824750

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക ₹	റിമാർക്സ്
1.	സ്പിന്നിങ്ങ് മില്ലിന്റെ ഷെയർ സർട്ടിഫിക്കറ്റ്)			5000	
ആകെ				5000	

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5640 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2017-18	2(3)	2500	സെക്രട്ടറി, പോന്നോർ സർവ്വീസ് സഹകരണബാങ്ക്	118010104500/ 13.03.2019
2017-18	2(3)	900	സെക്രട്ടറി, പോന്നോർ സർവ്വീസ് സഹകരണബാങ്ക് നീതി മെഡിക്കൽസ്	118010104501/ 13.03.2019
2017-18	2(3)	900	സെക്രട്ടറി, പോന്നോർ സർവ്വീസ് സഹകരണബാങ്ക്	118010104502/ 13.03.2019
2015-16	2(1)	240	ബേബി വി.കെ.	118010104555/ 15.03.2019
2015-16	2(1)	300	ഇ.കെ. ജോണി	118010104557/ 15.03.2019
2015-16	2(1)	500	അലൻ സി. ജെ.	118010104565/ 16.03.2019
2015-16	2(1)	300	പോൾസൺ	118010104594/ 16.03.2019

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-12	2010-11	5.6.5	മൊബിലൈസേഷൻ അഡ്വാൻസ് നൽകി-പണി പൂർത്തീകരിച്ചില്ല	ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്
2014-15	2-2	2016-17	2-1	സപ്ലൈകോ പറപ്പൂർ തൊഴിൽ നികുതി അടവാക്കാത്തത്	
2015-16	2-1	2016-17	2-2	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തത്	

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹54303484
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹54187200
വരവിനങ്ങളിലുള്ള നഷ്ടം	:	₹1075
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹1038789

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ ₹	സർചാർജ് ചെയ്യാവുന്നവ ₹	
2-1	300	0	ശ്രീമതി.ലേഖ.വി, സെക്രട്ടറി
2-2	775	0	ശ്രീമതി.ലേഖ.വി, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	₹795100	സുകുമാരൻ.കെ.കെ, കൃഷി ഓഫീസർ
1-30	₹243689	ശ്രീമതി.നിമിഷ.വി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ലേഖ.വി, സെക്രട്ടറി	സെക്രട്ടറി, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്	4F, ഗുൽമോഹർ അപ്പാർട്ട്മെന്റ്സ്, സീതാറാം മിൽ ലെയിൻ, പൂങ്കുന്നം, തൃശൂർ-680 002

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97

1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തീ. 16.07.15/13.10.15
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തീ. 2.7.16/21.7.16
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 07/17 തീ. 30.01.17
2016-17	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 1312/17 തീ. 04.12.17/15.12.17
2017-18	കെ.എസ്.എ.ടി.എസ്.ആർ.(പി.3)-23/2019 തീ.06.02.19/17.02.19

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശൂർ ജില്ലയിലെ **തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തോളൂർഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

<u>അനുബന്ധം-2</u>
<u>ഓഡിറ്റ് സംക്ഷിപ്തം</u>

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ്	സംക്ഷിപ്തം (Audited Abstract)

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ